# ‘ആരു മറന്നാലും മറക്കാത്ത ദൈവം’

## ഉല്പത്തി 21:17

‘‘ദൈവം ബാലന്റെ നിലവിളി കേട്ടു. ദൈവത്തിന്റെ ദൂതൻ ആകാശത്തുനിന്നും ഹാഗാരിനെ വിളിച്ചു അവളോടു: ഹാഗാരേ, നിനക്കു എന്തു? നീ ഭയപ്പെടേണ്ട; ബാലൻ ഇരിക്കുന്നിടത്തു നിന്നു അവന്റെ നിലവിളി ദൈവം കേട്ടിരിക്കുന്നു.’’

എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട്, മരണംകാത്ത് മരുഭൂമിയിൽ കിടന്ന ഈ ബാലനെ നമുക്ക് സുപരിചിതമാണല്ലോ. അബ്രഹാമിന് തന്റെ ദാസിയായ ഹാഗാറിൽ ഉണ്ടായ പൈതൽ. ദിവസത്തിന്റെ അതികാലത്തു തന്നെ (Genesis 21:14) പിതാവ് ഈ പുത്രനെ ഉപേക്ഷിച്ചു. കൈവശമുണ്ടായിരുന്ന ആകെയുള്ള അപ്പവും വെള്ളവും തീർന്നുകഴിഞ്ഞപ്പോൾ അമ്മയും അവനെ കൈവിട്ടു (Genesis 21:16). മരുഭൂമിയിലെ പ്രതികൂലങ്ങളുടെ മധ്യത്തിൽ പുത്രന്റെ മരണംകാത്ത് മാതാവ് വേദനയോടെ കാത്തിരുന്നു. അവൾ ഉറക്കെ കരഞ്ഞു എന്ന് ദൈവവചനം പറയുന്നു. എങ്കിലും ദൈവം ബാലന്റെ നിലവിളി കേട്ടു എന്നാണ് വചനത്തിൽ നാം വായിച്ചു കണ്ടത്.

എത്ര അതിശയിപ്പിക്കുന്ന വചനം ആകുന്നു. ജീവിതത്തിൽ എല്ലാം നഷ്ടപ്പെട്ടും, എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടും ആടിയുലയുന്ന ജീവിതങ്ങളോട് ദൈവത്തിന്റെ കരുണ ഇവിടെ കാണുന്നു. അബ്രഹാം വളരെ ധനികനായ ഒരു മനുഷ്യനായിരുന്നു. എങ്കിലും തന്റെ മകനും ദാസിക്കും വേണ്ടി അവൻ കൊടുത്തത് ഒരു തുരുത്തി വെള്ളവും അപ്പവും മാത്രമായിരുന്നു. എത്ര വലിയ ധനികനായാലും അധികാരിയായാലും മേധാവിത്വം ഉള്ളവ നാണങ്കിലും ലോകത്തിന്റെ സഹായം അത്രേയുള്ളൂ എന്ന് നാം അറിയണം. ഹാഗാർ എന്ന മാതാവിന്റ നിസ്സഹായാവസ്ഥ നാം കണ്ടു.

അമ്മ മറന്നാലും മറക്കാത്ത ഒരു ദൈവം നമുക്കുവേണ്ടി ജിവിക്കുന്നു, കരുതുന്നു. ഏതു പ്രതികൂലങ്ങളുടെയും, തീച്ചൂളകളുടെയും മധ്യത്തിൽ ഈ ദൈവകരങ്ങൾ നമ്മുടെ സഹാ യത്തിനായി ഒരുങ്ങിയിരിക്കുന്നു. അതേ പ്രിയരേ, ഉപേക്ഷിക്കപ്പെട്ട ജീവിതങ്ങളെ ഒരു വില്ലാളിയായി തീർക്കാൻ ദൈവികശക്തിക്ക് കഴിയും. യിശ്മായേലിന്റെ ജീവിതം അതാ കുന്നു നമ്മെ പഠിപ്പിക്കുന്നത്.

ഒരു ശോധനയിലൂടെ നാം കടന്നുപോകുമ്പോഴും അതിനുമുമ്പേ നീരുറവ ഒരുക്കിവെച്ചിട്ടേ തമ്പുരാൻ അതിനായി അനുവാദം കൊടുക്കുകയുള്ളൂ. തന്റെ മക്കളെ ഒരിക്കലും മറു

ഭൂമിയിൽ ഉപേക്ഷിച്ചുകളയാൻ അവനു കഴിയില്ല. എല്ലാവരാലും തള്ളപ്പെട്ടു മരണം കാത്തു കിടക്കുന്ന അനുഭവങ്ങളിൽ താങ്ങി എഴുന്നേല്പിക്കാൻ ഒരു ഹാഗാറിനെ കർത്താവ് അയക്കും. ദൈവിക വാഗ്ദാനം തന്ന് നമ്മെ ബലപ്പെടുത്തും. മുമ്പോട്ടു നയിക്കും. തീർച്ച. ബാലന്റെ നിലവിളി ഉയർന്നതിനു ശേഷം മാത്രമാണ് നീരുറവ കാണാൻ ഹാഗാറിന്റെ കണ്ണു തുറന്നത്.

അതേ, നമ്മുടെ വിഷയങ്ങളിൽ അതു വ്യക്തിപരമോ, നാം വിടുതലിനായി പ്രാർത്ഥിക്കുന്ന മറ്റാരുടെയെങ്കിലും വിഷയം ആകട്ടെ, നമ്മുടെ കണ്ണീർ, ആ നിലവിളി ശക്തമായി ഉയരങ്ങളിലേക്ക് അർപ്പിക്കാം. നിലവിളി കേൾക്കുന്ന ദൈവം നമ്മെ എഴുന്നേല്പിക്കാൻ തീർച്ചയായും ദൂതനെ അയക്കും. നീരുറവ തുറക്കും. ഈ ദിവസങ്ങളിൽ അതിനായി തമ്പുരാൻ ഓരോരുത്തരെയും ബലപ്പെടുത്തുകയും സഹായിക്കുകയും ചെയ്യുമാറാകട്ടെ.

**പരാമർശം :**

**യെശയ്യാവു 49:15,16**

**ഒരു സ്ത്രീ തന്റെ കുഞ്ഞിനെ മറക്കുമോ? താൻ പ്രസവിച്ച മകനോടു കരുണ, തോന്നാതിരിക്കുമോ? അവർ മറന്നുകളഞ്ഞാലും ഞാൻ നിന്നെ മറക്കയില്ല. ഇതാ ഞാൻ നിന്നെ എന്റെ ഉള്ളങ്കയ്യിൽ വരെച്ചിരിക്കുന്നു; നിന്റെ മതിലുകൾ എല്ലായ്പോഴും എന്റെ മുമ്പിൽ ഇരിക്കുന്നു.**

**സിസ്റ്റർ ബിന്ദു റെജി അയ്മനം 098**